"ഭരണഭാഷ – മാതൃഭാഷ"
(കേരള സംസ്ഥാനം)
വ്യാവസായിക പരിശീലന വകുപ്പ്
ട്രെയിനിംഗ് ഡയറക്ടറേറ്റ്, തൊഴിൽ ഭവൻ, വികാസ്ഭവൻ പി.ഒ
തിരുവനന്തപുരം-695033, ഇ മെയിൽ: cru.dttvpm@kerala.gov.in
ഫോൺ നമ്പർ : 0471-2303856

---

DT/1070/2026-C1 തീയതി: 27-02-2026

---

## വിജ്ഞാപനം

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - അഡ്മിഷൻ & അഫിലിയേഷൻ സെക്ഷൻ - 2026 അഖിലേന്ത്യ ട്രേഡ് ടെസ്റ്റിന് പ്രൈവറ്റ് ട്രെയിനികളെ പങ്കെടുപ്പിക്കുന്നത് - ഒഴിവുള്ള സീറ്റിൽ 2025 സെഷനിലേയ്ക്ക് പ്രൈവറ്റ് ട്രെയിനികളുടെ പ്രവേശനം - അപേക്ഷ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന:- DGT യിൽ നിന്നുള്ള 25/02/2026 ലെ DGT-MIS011/14/2022-TC SECTION നമ്പരായ കത്ത്

***********

പ്രൈവറ്റ് ട്രെയിനികളുടെ അഡ്മിഷൻ, പരീക്ഷ എന്നിവയുമായി ബന്ധപ്പെട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ മേൽ സൂചന പ്രകാരം DGT പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം 2026 അഖിലേന്ത്യ ട്രേഡ് ടെസ്റ്റിൽ പങ്കെടുപ്പിക്കുന്നതിന്റെ ഭാഗമായി പ്രൈവറ്റ് ട്രെയിനികളുടെ അഡ്മിഷനു വേണ്ടി അപേക്ഷ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

**I) DGT യുടെ പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം 4 വിഭാഗത്തിലായിട്ടാണ് പ്രൈവറ്റ് ട്രെയിനികളുടെ അപേക്ഷ സ്വീകരിക്കുന്നത്. ടി വിഭാഗങ്ങളിൽ അപേക്ഷിക്കുന്നവർക്കുള്ള യോഗ്യതയും മറ്റു നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.**

**1.നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് (NTC) നേടിയ പരിശീലനാർത്ഥികൾക്ക് Allied trade ൽ പ്രൈവറ്റ് ആയി പരീക്ഷ എഴുതുന്നത്:-**

a) CTS സ്കീമിലെ ഏതെങ്കിലും ട്രേഡിൽ NTC നേടിയിട്ടുള്ളവർക്ക് വിദ്യാഭ്യാസ യോഗ്യതയടക്കം മറ്റെല്ലാ മാനദണ്ഡങ്ങളും അനുസൃതമാണെങ്കിൽ **Annexure I** ലുള്ള ആ ട്രേഡിന്റെ **Allied trade** ൽ പ്രൈവറ്റ് കാൻഡിഡേറ്റ് ആയി പ്രവേശനം നേടാവുന്നതാണ്.

b) ബന്ധപ്പെട്ട ട്രേഡിലെ AITT ഫലപ്രഖ്യാപനത്തിനു ശേഷം സംസ്ഥാന ഫാക്ടറീസ ് ആക്ട് 1948, ഷോപ്പ് ആൻ എസ്ടാബ്ലിഷ്മെന്റ് ആക്ട് എന്നിവ അനുസരിച്ച് apprent iceship പരിശീലനം നൽകുന്ന സ്ഥാപനങ്ങളിൽ (Establishment like implementing Apprenticeship Training Scheme (ATS)/Establishments registered under Apprenticeship portal or registered MSMEs or Entities registered with any government/local authorities/shops covered under Factories Act 1948 and shops and Establishment Act applicable for the Kerala State) ഒരു വർഷത്തെ പ്രവൃത്തി പരിചയം (അപേക്ഷ സമർപ്പിക്കുന്ന തീയതിയ്ക്കുള്ളിൽ) Allied trade-ൽ നേടേണ്ടതും സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുമാണ്.

c) അപേക്ഷകന് പ്രൈവറ്റ് കാൻഡിഡേറ്റ് ആയി പ്രവേശനം നേടാൻ ആഗ്രഹിക്കുന്ന Allied CTS ട്രേഡിന് വേണ്ടി പ്രസ്തുത സിലബസ്സിൽ നിഷ്കർഷിച്ചിരിക്കുന്ന യോഗ്യതകളെല്ലാം ഉണ്ടായിരിക്കണം.

2. <u>CoE സ്കീമിൽ പരിശീലനം പൂർത്തിയാക്കി നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് (NTC) നേടിയതോ, പരിശീലനം തുടരുന്നതോ ആയ പരിശീലനാർത്ഥികൾക്ക് ബന്ധപ്പെട്ട ട്രേഡിൽ പ്രൈവറ്റ് ആയി പരീക്ഷ എഴുതുന്നത്:-</u>

a) അപേക്ഷകന് പ്രൈവറ്റ് കാൻഡിഡേറ്റ് ആയി പ്രവേശനം നേടാൻ ആഗ്രഹിക്കുന്ന CTS ട്രേഡിന് നിഷ്കർഷിക്കുന്ന യോഗ്യതകളെല്ലാം ഉണ്ടായിരിക്കണം. CoE ട്രേഡുകളുടെ mapping ആയിവരുന്ന CTS ട്രേഡുകളുടെ ലിസ്റ്റ് **Annexure II** ആയി ചേർത്തിട്ടുണ്ട്. CoE കാൻഡിഡേറ്റുകൾ relevant/mapped CTS ട്രേഡുകളിലേയ്ക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

b) CoE വിജയകരമായി പൂർത്തിയാക്കിയ റിസൾട്ട് പ്രഖ്യാപനത്തിനു ശേഷം ഒരു വർഷം ( റിസൾട്ട് പ്രഖ്യാപനം മുതൽ അപേക്ഷ സമർപ്പണം വരെയുള്ള കാലഘട്ടത്തിൽ) പൂർത്തിയായാൽ മാത്രമേ പ്രൈവറ്റ് കാൻഡിഡേറ്റ് ആയി അപേക്ഷിക്കുവാൻ സാധിക്കുകയുള്ളൂ. മേൽപ്പറഞ്ഞ ഒരുവർഷ കാലയളവിൽ ട്രെയിനികൾ നിർബന്ധമായും ബന്ധപ്പെട്ട ട്രേഡിൽ വ്യാവസായിക സ്ഥാപനങ്ങളിലെ പരിശീലനമോ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ (Establishment like implementing Apprenticeship Training Scheme (ATS)/Establishments registered under Apprenticeship portal or registered MSMEs or Entities registered with any government/local authorities/shops covered under Factories Act 1948 and shops and Establishment Act applicable for the Kerala State) എന്നീ സ്ഥാപനങ്ങളിലെ പരിചയ സമ്പന്നതയോ നേടേണ്ടതും പ്രസ്തുത സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുമാണ്.

3. <u>ആഗസ്റ്റ് 2018 വരെ പ്രവേശനം നേടിയ SCVTട്രെയിനികൾ (STC നേടിയവർ) :-</u>

ആഗസ്റ്റ് 2018 വരെ പ്രവേശനം നേടിയ SCVT പരിശീലനാർത്ഥികൾക്ക് മാത്രമേ ഈ വിഭാഗത്തിൽ പ്രൈവറ്റ് ട്രെയിനീ ആയി അഖിലേന്ത്യ ട്രേഡ് ടെസ്റ്റിൽ പങ്കെടുത്ത് NTC നേടാൻ അവസരം ലഭിക്കുകയുള്ളൂ. അത്തരം ട്രെയിനികൾക്ക് പ്രൈവറ്റ് കാൻഡിഡേറ്റിനു പരീക്ഷ എഴുതുന്നതിനുള്ള പഴയ മാർഗ്ഗനിർദ്ദേശങ്ങളും അതിലെ യോഗ്യതകളുമാണ് (Annexure III) ബാധകമാകുന്നത്.ഇവർക്ക് പ്രായോഗിക പരിശീലനം

ആവശ്യമില്ല.

**4. മറ്റുള്ള വിഭാഗക്കാർ (2019 അഡ്മിഷൻ മുതൽ പ്രവേശനം നേടിയ SCVTട്രെയിനികൾ ഉൾപ്പെടെ മേൽപ്പറഞ്ഞ മൂന്ന് വിഭാഗത്തിലും ഉൾപ്പെടാത്തവർ):-**

a) അപേക്ഷകന് പ്രൈവറ്റ് കാൻഡിഡേറ്റ് ആയി അഖിലേന്ത്യ ട്രേഡ് ടെസ്റ്റിൽ പങ്കെടുക്കുന്നതിനു ബന്ധപ്പെട്ട CTS ട്രേഡിലെ പ്രവേശനത്തിന് സിലബസ്സിൽ നിഷ്കർഷിക്കുന്ന യോഗ്യതകളെല്ലാം ഉണ്ടായിരിക്കണം .

b) അപേക്ഷിക്കുന്നതിനുള്ള കുറഞ്ഞ പ്രായ പരിധി : അപേക്ഷ സമർപ്പിക്കുമ്പോൾ 21 വയസ് പൂർത്തിയായിരിക്കണം. ഉയർന്ന പ്രായ പരിധിയില്ല.

c) അപേക്ഷ സമർപ്പിക്കുന്ന തീയതിയിൽ സംസ്ഥാന ഫാക്ടറീസ് ആക്ട് 1948, ഷോപ്സ് ആൻഡ് എസ്‌ടാബ്ലിഷ്മെന്റ് ആക്ട് എന്നിവ അനുസരിച്ച് apprenticeship പരിശീലനം നൽകുന്ന സ്ഥാപനങ്ങളിൽ (Establishment like implementing Apprenticeship Training Scheme (ATS)/Establishments registered under Apprenticeship portal or registered MSMEs or Entities registered with any government/local authorities/shops covered under Factories Act 1948 and shops and Establishment Act applicable for the Kerala State/Vocational training institution) നിന്ന് അപേക്ഷ നൽകുന്ന ട്രേഡിൽ മൂന്ന് വർഷത്തെ പ്രവൃത്തി പരിചയം പൂർത്തിയാക്കിയിരിക്കേണ്ടതാണ്.

d) 2019 അഡ്മിഷൻ സെഷൻ മുതലുള്ള SCVT ട്രെയിനികൾക്കും NTC നേടുന്നതിനായി ഈ വിഭാഗത്തിലെ നിർദ്ദേശങ്ങൾ അനുസരിച്ച് പ്രൈവറ്റ് കാൻഡിഡേറ്റ് ആയി എൻറോൾ ചെയ്യാവുന്നതാണ്.

**II) അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ**

a. അടിസ്ഥാന യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്
b. ഒന്ന്, രണ്ട്, നാല് വിഭാഗത്തിൽ ആവശ്യപ്പെട്ടുള്ള പ്രവർത്തിപരിചയ സാക്ഷ്യപത്രത്തിന്റെ പകർപ്പ്
c. ഒന്ന്, രണ്ട്, മൂന്ന് വിഭാഗത്തിൽപെട്ടവർ ബന്ധപ്പെട്ട ട്രേഡിലെ NTC/STC യുടെ പകർപ്പ്
d. നാലാം വിഭാഗത്തിൽപെട്ടവരിൽ നിലവിൽ സേവനമനുഷ്ഠിക്കുന്നവർ തൊഴിൽ ചെയ്യുന്ന സ്ഥാപന മേധാവിയിൽ നിന്നുള്ള (Appointing Authority) No Objection Certificate (as per Annexure IV)
e. സ്വയം എഴുതി തയാറാക്കിയ അപേക്ഷകന്റെ കയ്യൊപ്പോടു കൂടിയ തൊഴിൽ സംബന്ധിച്ച വിവരണ റിപ്പോർട്ടിന്മേൽ തൊഴിൽ ഉടമ/ഇതിനായി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ മേലൊപ്പ് ചാർത്തി ഓഫീസ് മുദ്ര പതിപ്പിച്ച് സാക്ഷ്യപ്പെടുത്തിയത്.
f. നിലവിൽ സേവനത്തിലുള്ളവർ ജോലിയുടെ സ്വഭാവം, വിവിധ തസ്തികകളിൽ ജോലി ചെയ്തിട്ടുള്ള കാലയളവ്, ടി കാലയളവിലെ വേതന നിരക്ക് എന്നിവ സംബന്ധിച്ചു തൊഴിലുടമയുടെ മേലൊപ്പോട് കൂടിയ (Annexure V) പ്രവർത്തി പരിചയ സാക്ഷ്യപത്രം.

g. നിലവിൽ സേവനത്തിലില്ലാത്തവർ ജോലിയുടെ സ്വഭാവം, വിവിധ തസ്തികകളിൽ ജോലി ചെയ്തിട്ടുള്ള കാലയളവ്, ടി കാലയളവിലെ വേതന നിരക്ക് എന്നീ വിവരങ്ങൾ സ്ഥാപനത്തിന്റെ ലെറ്റർ ഹെഡിൽ രേഖപ്പെടുത്തി തൊഴിലുടമയുടെ മേലൊപ്പോട് കൂടിയ സാക്ഷ്യപത്രം സമർപ്പിക്കേണ്ടതാണ്. ടി വിഭാഗത്തിലുള്ളവർ NOC നൽകേണ്ടതില്ല.

h. ആധാർ കാർഡിന്റെ പകർപ്പ്

**III. പ്രൈവറ്റ് ട്രെയിനികൾക്ക് പ്രവേശനം നൽകുന്ന ഐ.ടി.ഐകൾക്കായുള്ള വ്യവസ്ഥകൾ**

a). ഗ്രേഡിംഗ് പോയിന്റ് നാലോ അതിൽ കൂടുതലോ ഉള്ള ഗവ. ഐ ടി ഐ കളിൽ മാത്രമാണ് പ്രൈവറ്റ് ട്രെയിനികൾക്ക് പ്രവേശനം അനുവദിക്കുന്നത്.

b). പ്രൈവറ്റ് ട്രെയിനികൾക്ക് പ്രവേശനം നൽകുന്ന ട്രേഡിൽ സ്ഥാപനത്തിന് NCVT അഫിലിയേഷൻ ഉണ്ടായിരിക്കണം.

c). പ്രൈവറ്റ് ട്രെയിനികൾക്ക് പ്രവേശനം നൽകുന്ന NCVT ട്രേഡിൽ സ്ഥാപനത്തിന് നടപ്പ് വർഷവും മുൻ വർഷവും റെഗുലർ CTS ട്രെയിനികൾക്ക് പ്രവേശനം നൽകിയിരിക്കണം.

d). ഒരു അക്കാദമിക വർഷത്തിൽ പ്രവേശനം നൽകുന്ന പരമാവധി റെഗുലർ ട്രെയിനികളുടെ എണ്ണത്തിനനുസരിച്ചുള്ള നിർദ്ദിഷ്ടാനുപാതത്തിൽ പ്രൈവറ്റ് ട്രെയിനികൾക്ക് ബന്ധപ്പെട്ട ട്രേഡിൽ പ്രവേശനം നൽകാവുന്നതാണ്.

e). മുകളിൽ സൂചിപ്പിച്ച ഒന്ന്, മൂന്ന്, നാല് വിഭാഗത്തിൽ ഉൾപ്പെട്ട പ്രൈവറ്റ് ട്രെയിനികളുടെ പ്രവേശനത്തിനുള്ള സീറ്റിന്റെ പരമാവധി എണ്ണം ആകെ പ്രവേശനം നൽകാൻ കഴിയുന്ന റെഗുലർ ട്രെയിനികളുടെ എണ്ണത്തിന്റെ 10% ആയിരിക്കും. രണ്ടാം വിഭാഗത്തിൽ ഉൾപ്പെട്ട പ്രൈവറ്റ് ട്രെയിനികളെ ഈ പരിധിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. അതായത് CoE സ്കീമിൽ പരിശീലനം പൂർത്തിയാക്കി നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് (NTC) നേടിയതോ, പരിശീലനം തുടരുന്നതുമായ പരിശീലനാർത്ഥികൾക്ക് നിലവിൽ ബന്ധപ്പെട്ട ട്രേഡിൽ ഒഴിഞ്ഞു കിടക്കുന്ന മുഴുവൻ സീറ്റുകളിലേക്കും പരിഗണിക്കാവുന്നതാണ്.

**f). തെരഞ്ഞെടുക്കുന്ന പ്രൈവറ്റ് ട്രെയിനികൾ/അപേക്ഷകർ ഡയറക്ടറേറ്റിൽ നിന്നും അനുവദിക്കുന്ന ഐടിഐയിൽ അഡ്മിഷൻ നേടേണ്ടതും ടി ഐടിഐയിൽ പരീക്ഷ എഴുതേണ്ടതുമാണ്.**

**IV. അഡ്മിഷൻ സെലക്ഷൻ രീതി**

a)ഗ്രേഡിംഗ് പോയിന്റ് നാലോ അതിൽ കൂടുതലോ ഉള്ള ഗവ. ഐ ടി ഐ കളിൽ റെഗുലർ ട്രെയിനികളെ അഡ്മിറ്റ് ചെയ്തതിനു ശേഷമുള്ള ട്രേഡുകളിലെ നിലവിലുള്ള ഒഴിവുകകൾ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ (https://det.kerala.gov.in) പ്രസിദ്ധീകരിക്കുന്നതാണ്. ടി ട്രേഡുകളിലെ ഒഴിവുകളിലേക്ക് അധികം അപേക്ഷ ലഭിക്കുകയാണെങ്കിൽ അത്തരം ട്രേഡുകളിലെ പ്രൈവറ്റ് ട്രെയിനികളുടെ അഡ്മിഷനുവേണ്ടി സ്ക്രീനിംഗ് test നടത്തുന്നതും ട്രേഡ്വൈസ് സെലക്ഷൻ ലിസ്

റ് പ്രസിദ്ധികരിക്കുന്നതുമാണ്. ഗ്രേഡിംഗ് പോയിന്റ് നാലോ അതിൽ കൂടുതലോ ഉള്ള ഗവ. ഐ ടി ഐ കളിലെ Annexure VI-ൽ ഉൾപ്പെട്ടിട്ടുള്ള ട്രേഡുകളിലെ 10% (DGT അനുവദിച്ചിട്ടുള്ളത്) സീറ്റിൽ അപേക്ഷകരെ സെലക്ഷൻ ലിസ്റ്റിൽ നിന്ന് മാർക്ക് അടിസ്ഥാനത്തിൽ തെരെഞ്ഞെടുക്കുന്നതാണ്. ടി 10% ൽ അധികരിച്ച് വരുന്ന ഒഴിവുകൾ രണ്ടാം വിഭാഗത്തിൽ ഉൾപ്പെട്ട അപേക്ഷകർക്ക് (CoE സ്കീമിൽ പരിശീലനം പൂർത്തിയാക്കി NTC നേടിയ) മാത്രമേ പ്രവേശനത്തിനായി പരിഗണിക്കുകയുള്ളൂ.

b)2025 സെഷനിൽ പ്രൈവറ്റ് ട്രെയിനി അഡ്മിഷന് വേണ്ടി അപേക്ഷ സമർപ്പിച്ചവരിൽ സ്ക്രീനിംഗ് ടെസ്റ്റിന് അർഹത നേടുന്ന ട്രെയിനികളിൽ നിന്നും 110 രൂപ എക്സാം ഫീ ഇനത്തിൽ "0230-00-800-88-00-00-00-NV - Other Items Dir of Emplmt & Trg" എന്ന ശീർഷകത്തിൽ ട്രഷറിയിൽ നേരിട്ടോ ഓൺലൈനായോ ഒടുക്കി ചെലാൻ സമർപ്പിക്കേണ്ടതാണ്.

**V. പ്രൈവറ്റ് ട്രെയിനികളുടെ അപേക്ഷ ക്ഷണിക്കുന്നതിനും ഐടിഐകളിൽ അഡ്മിഷൻ എടുക്കുന്നതിനുമായുള്ള സമയക്രമം**

a) അപേക്ഷ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി: **10/03/2026** വൈകിട്ട് 4 മണി.

b) അപേക്ഷ വെരിഫിക്കേഷൻ പൂർത്തിയാക്കുന്നത്: **11/03/2026**

c) സ്ക്രീനിംഗ് ടെസ്റ്റ് നടത്തുന്ന തീയതി: **13/03/2026**

d) സ്ക്രീനിംഗ് ടെസ്റ്റ് റിസൾട്ട് പബ്ലിഷ് ചെയ്യുന്ന തീയതി: **16/03/2026**

e)പ്രൈവറ്റ് ട്രെയിനികളുടെ സെലക്ട് ലിസ്റ്റ് (ഐടിഐകളിലേക്കുള്ള) വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി: **16/03/2026**

f) പ്രൈവറ്റ് ട്രെയിനികളെ ഐടിഐകളിൽ അഡ്മിറ്റ് ചെയ്യേണ്ട തീയതി: **16/03/2026 മുതൽ 18/03/2026**

g) അഡ്മിഷൻ നേടിയ പ്രൈവറ്റ് ട്രെയിനികളുടെ വിവരങ്ങൾ നിശ്ചിത പ്രൊഫോർമയിൽ ഉൾപ്പെടുത്തി ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ട അവസാന തീയതി: **21//03/2026**

h) പ്രൈവറ്റ് ട്രെയിനികളുടെ വിവരങ്ങൾ ഡയറക്ടറേറ്റിൽ നിന്നും SIDH പോർട്ടലിൽ ഉൾക്കൊള്ളിക്കുന്ന തീയതി:**23/03/2026 മുതൽ 26/03/2026** വരെ

i) ഐടിഐകളിൽ പ്രൈവറ്റ് ട്രെയിനികളെ വെരിഫിക്കേഷൻ നടത്തി Approve ചെയ്യുന്ന തീയതി: **22/04/2026**

**VI. അപേക്ഷകർക്കുള്ള പൊതുവായ നിർദ്ദേശങ്ങൾ**

a) അപേക്ഷകൻ കേരളത്തിൽ സ്ഥിര താമസക്കാരനായിരിക്കണം.

b)എൻ.സി.വി.ടി ഓരോ ട്രേഡുകൾക്കും പ്രത്യേകമായി അടിസ്ഥാന യോഗ്യതകൾ നിശ്ചയിച്ചിട്ടുണ്ട്. അപേക്ഷിക്കുന്ന ട്രേഡിന് നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന യോഗ്യത അപേക്ഷകനുണ്ടായിരിക്കണം.

c) അപേക്ഷ ഫോറത്തിന്റെ മാതൃക ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ആയത് പൂരിപ്പിച്ച് അവസാന തീയതിയ്ക്കുള്ളിൽ (10/03/2026) ഈ കാര്യാലയത്തിൽ ലഭ്യമാക്കേ

ണ്ടതാണ്.

d) അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതിയായ 10/03/2026, 4.00 PM വരെ നേരിട്ടോ/തപാൽ മുഖേനെയോ ഡയറക്ടറേറ്റിൽ ലഭിക്കുന്ന അപേക്ഷകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ.

e) വൈകി ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുകയില്ല

f) കെ.എസ്.ഇ.ബി യിൽ നിന്നുള്ള അപേക്ഷകർക്ക് ലൈൻമാൻ ഗ്രേഡ്-2 തസ്തികയിൽ തുടർച്ചയായി 3 വർഷത്തെ പ്രവൃത്തി പരിചയം ഉണ്ടായിരിക്കണം.

g) വിദ്യാഭ്യാസ യോഗ്യത, ജനനത്തീയതി എന്നിവ തെളിയിക്കുന്നതിനായുള്ള രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കേണ്ടതാണ്. അസ്സൽ രേഖകൾ വെരിഫിക്കേഷൻ സമയത്ത് ആവശ്യപ്പെടുന്നുവെങ്കിൽ ഹാജരാക്കേണ്ടതാണ്.

h) തൊഴിൽ ഉടമയുടെ കയ്യൊപ്പും, ഓഫീസ് മുദ്രയുമുള്ള സാക്ഷ്യപത്രവും, എൻ.ഒ.സി യും അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ടായിരിക്കണം. അല്ലാത്ത അപേക്ഷകൾ നിരസിക്കുന്നതായിരിക്കും

i) നാലാം വിഭാഗത്തിൽ ഉൾപ്പെട്ടവരിൽ SCVT വിഭാഗത്തിൽപ്പെട്ടവരൊഴികെയുള്ളവർ 1000 മുതൽ 1500 വരെ വാക്കുകൾ ഉൾക്കൊള്ളിച്ചുള്ള പ്രവൃത്തി പരിചയ റിപ്പോർട്ട് സ്വന്തം കൈപ്പടയിൽ എഴുതി വേണം തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്. പ്രിന്റ് ചെയ്തതോ, ഡി.റ്റി.പി യിൽ തയ്യാറാക്കിയതോ, ടൈപ്പ് ചെയ്തതോ ആയ റിപ്പോർട്ടുകൾ അംഗീകരിക്കുന്നതല്ല.

j) ഒരേ പോലെ എഴുതി തയ്യാറാക്കിയ റിപ്പോർട്ടുകൾ ഉള്ളടക്കം ചെയ്യുന്ന അപേക്ഷകൾ നിരസിക്കുന്നതായിരിക്കും.

k) വിജ്ഞാപന പ്രകാരമുള്ള യോഗ്യത, പ്രവൃത്തി പരിചയം, അപേക്ഷകന്റെ ഒപ്പ് എന്നിവ ഇല്ലാത്ത അപേക്ഷകൾ, പ്രവൃത്തി പരിചയ റിപ്പോർട്ടിൽ അപേക്ഷകന്റെ ഒപ്പ്, തൊഴിൽ ഉടമയുടെ ഒപ്പ്, ഓഫീസ് സീൽ എന്നിവ ഇല്ലാത്ത അപേക്ഷകൾ, പ്രവൃത്തി പരിചയ റിപ്പോർട്ട് സ്വന്തം കൈപ്പടയിൽ തയ്യാറാക്കാത്തതും ഒരു പോലെയുള്ളവയുമായ അപേക്ഷകൾ എന്നിവ വെരിഫിക്കേഷൻ കമ്മിറ്റി പരിശോധിച്ച് പ്രാഥമിക തലത്തിൽ തന്നെ നിരസിക്കുന്നതാണ്

l) പൊതു നിർദ്ദേശത്തിൽ പറയുന്ന രേഖകൾ കൂടാതെ ഓരോ വിഭാഗത്തിൽപ്പെടുന്ന അപേക്ഷകർക്കും പ്രത്യേകമായി നിർദ്ദേശിച്ചിരിക്കുന്ന രേഖകൾ ഉണ്ടെങ്കിൽ അവയും അപേക്ഷയോടൊപ്പം നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.

m) തെരഞ്ഞെടുക്കുന്ന പ്രൈവറ്റ് ട്രെയിനികൾ/അപേക്ഷകർ ഡയറക്ടറേറ്റിൽ നിന്നും അനുവദിക്കുന്ന ഐടിഐയിൽ അഡ്മിഷൻ നേടേണ്ടതും ടി ഐടിഐയിൽ പരീക്ഷ എഴുതേണ്ടതുമാണ്.

n) ഐടിഐയിൽ അഡ്മിഷൻ നേടി കഴിഞ്ഞാൽ 2026 അഖിലേന്ത്യ ട്രേഡ് ടെസ്റ്റിന് വിജ്ഞാപനം പുറപ്പെടുവിക്കുന്നതും ആയതിന് പ്രത്യേകം അപേക്ഷിക്കേണ്ടതുമാണ്.

o) പരീക്ഷയ്ക്ക് മുന്നോടിയായി DGT/സംസ്ഥാന സർക്കാർ നിശ്ചയിക്കുന്ന പരീക്ഷ

ഫീസ് ഒടുക്കേണ്ടതാണ്

p) ഒരിക്കൽ അടച്ച പരീക്ഷാ ഫീസ് യാതൊരു കാരണവശാലും മടക്കി നൽകുകയോ, വേറെ ഏതെങ്കിലും രീതിയിൽ ക്രമീകരിക്കുകയോ ചെയ്യുന്നതായിരിക്കില്ല.

q) അഡ്മിഷന്റെ ഏതെങ്കിലും ഘട്ടത്തിൽ അപേക്ഷകർ ഹാജരാക്കുന്ന രേഖകകളിൽ അപാകത കണ്ടെത്തുന്നുവെങ്കിൽ ടി അപേക്ഷകന്റെ അഡ്മിഷൻ റദ്ദാകുന്നതാണ്.

r) പ്രൈവറ്റ് ട്രെയിനികളുടെ അഡ്മിഷൻ/അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് സംബന്ധിച്ച് ഡി.ജി.റ്റി അതാത് സമയത്ത് നിഷ്കർഷിക്കുന്ന വ്യവസ്ഥകൾ ബാധകമായിരിക്കും.

**VII. ഐടിഐ പ്രിൻസിപ്പാൾമാർക്കുള്ള നിർദ്ദേശങ്ങൾ**

a) ഗ്രേഡിംഗ് പോയിന്റ് നാലോ അതിൽ കൂടുതലോ ഉള്ള ഗവ. ഐ ടി ഐ കളിലെ ഒഴിവുള്ള ട്രേഡുകളിലേക്ക് പ്രൈവറ്റ് ട്രെയിനികളുടെ അഡ്മിഷനു വേണ്ടിയുള്ള ലിസ്റ്റ് (ആവശ്യമെങ്കിൽ സ്ക്രീനിംഗ് ടെസ്റ്റ് നടത്തിയുള്ള സെലക്ട് ലിസ്റ്റ്) നൽകുന്നതാണ്.

b) ഐടിഐ പ്രിൻസിപ്പാൾമാർ തങ്ങളുടെ ഐടിഐയിൽ ലഭ്യമാകുന്ന ലിസ്റ്റ് പ്രകാരമുള്ള പ്രൈവറ്റ് ട്രെയിനികളെ നിശ്ചിത തീയതിയിൽ അവർ ഹാജരാകുന്ന മുറയ്ക്ക് അഡ്മിറ്റ് ചെയ്യേണ്ടതാണ്.

c) പ്രൈവറ്റ് ട്രെയിനികളെ നിശ്ചിത തീയതിയിൽ ഐടിഐകളിൽ നിന്ന് ജാലകം അഡ്മിഷൻ പോർട്ടലിൽ ഉൾക്കൊള്ളിക്കേണ്ടതാണ്.

d) SIDH പോർട്ടലിൽ API മുഖേനെ അപ്‌ലോഡ് ചെയ്ത പ്രൈവറ്റ് ട്രെയിനികളെ നിശ്ചിത തീയതിയിൽ വെരിഫിക്കേഷൻ നടത്തി അപ്പ്രൂവ് ചെയ്യേണ്ടതാണ്.

e) അപേക്ഷ ഫോറത്തിന്റെ മാതൃക ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. (അപേക്ഷ ഫോറത്തിന്റെ മാതൃക ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ ഐ.ടി.ഐ കളിലെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതാണ്)

**VIII. എൻട്രൻസ്/സ്ക്രീനിംഗ് ടെസ്റ്റിന്റെ നിർദ്ദേശങ്ങൾ**

a) 2025-26 അദ്ധ്യായന വർഷത്തേക്കുള്ള പ്രൈവറ്റ് ട്രെയിനികളുടെ അഡ്മിഷന്റെ ഭാഗമായി എൻട്രൻസ്/സ്ക്രീനിംഗ് ടെസ്റ്റ് നടത്തുന്നതാണ്. പരീക്ഷാ കേന്ദ്രങ്ങളായി താഴെ പറയുന്ന ഐടിഐകളെ തെരെഞ്ഞെടുത്തിട്ടുണ്ട്.

| ക്രമ.നം | പരീക്ഷാകേന്ദ്രത്തിന്റെ പേര് | ഹാജരാകേണ്ടവരുടെ വിശദ വിവരം | ഹാൾ ടിക്കറ്റ് കൈപ്പറ്റേണ്ട സ്ഥലം, തീയതി, സമയം | പരീക്ഷനടത്തുന്ന തീയതിയും സമയവും |
|---|---|---|---|---|
| 1. | ഗവ.ഐടിഐ ചാക്ക, തിരുവനന്തപുരം | അപേക്ഷയിൽ ഗവ.ഐടിഐ ചാക്ക, തിരുവനന്തപുരം തെരെഞ്ഞെടുത്തവർ | ഗവ.ഐടിഐ ചാക്ക, തിരുവനന്തപുരം. 13/03/2026, 9 am to 11 am | 13/03/2026, 12 pm to 01:30pm |
| | | | | |

| | | | | |
|---|---|---|---|---|
| 2. | ഗവ.ഐടിഐ കളമശ്ശേരി , എറണാകുളം | അപേക്ഷയിൽ ഗവ.ഐടിഐ കളമശ്ശേരി , എറണാകുളം തെരെഞ്ഞെടുത്തവർ | ഗവ.ഐടിഐ കളമശ്ശേരി , എറണാകുളം. 13/03/2026 9 am to 11 am | 13/03/2026 12 pm to 01:30pm |
| 3. | ഗവ.ഐടിഐ കോഴിക്കോട്, കോഴിക്കോട് | അപേക്ഷയിൽ ഗവ.ഐടിഐ കോഴിക്കോട്, കോഴിക്കോട് തെരെഞ്ഞെടുത്തവർ | ഗവ.ഐടിഐ കോഴിക്കോട്, കോഴിക്കോട്. 13/03/2026, 9 am to 11 am | 13/03/2026 , 12 pm to 01:30pm |

പ്രത്യേക ശ്രദ്ധയ്ക്ക് : വെള്ള ബാക്ഗ്രൗണ്ടിൽ 6 മാസത്തിനുള്ളിൽ എടുത്ത പാസ്പോർട്ട് സൈസ് ഫോട്ടോ ഒരെണ്ണം, സർക്കാർ അംഗീകൃത തിരിച്ചറിയൽ കാർഡിന്റെ അസ്സൽ എന്നീ രേഖകൾ പരീക്ഷാ കേന്ദ്രത്തിലെ പ്രിൻസിപ്പാളിന് മുൻപാകെ ഹാജരാക്കിയാൽ മാത്രമേ ഹാൾ ടിക്കറ്റ് ലഭിക്കുകയുള്ളൂ.

b) എൻട്രൻസ്/സ്ക്രീനിംഗ് ടെസ്റ്റ് മൾട്ടിപ്പിൾ ചോയിസ് ചോദ്യപേപ്പർ മാതൃകയിൽ എഴുത്തുപരീക്ഷയായിട്ടാണ് നടത്തുന്നത്.

c) ഓരോ ട്രേഡിനും വെവ്വേറെ ചോദ്യപേപ്പറുകൾ ഉണ്ടായിരിക്കുന്നതും പ്രത്യേകം പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതുമാണ്.

d) എൻട്രൻസ്/സ്ക്രീനിംഗ് ടെസ്റ്റിന്റെ ചോദ്യങ്ങൾ ബന്ധപ്പെട്ട CTS ട്രേഡിലെ സിലബസ്സിൽ ഉൾപ്പെട്ടിട്ടുള്ള ട്രേഡ് തിയറി (Professional knowledge) എന്ന വിഷയത്തിൽ അധിഷ്ഠിതമായിരിക്കും.(Engineering Drawing, Workshop science & calculation, Trade Practical ഒഴിവാക്കിയിട്ടുണ്ട്.)

e) എൻട്രൻസ്/സ്ക്രീനിംഗ് ടെസ്റ്റിൽ ഒരേ മാർക്ക് വന്നാൽ SSLC യിൽ കണക്ക്, ഫിസിക്സ്, കെമിസ്ട്രി,ഇംഗ്ലീഷ് എന്നീ വിഷയങ്ങളിൽ ആദ്യ വിഷയത്തിൽ കൂടുതൽ മാർക്ക് കിട്ടിയ ആളിന് പരിഗണന നൽകുന്നതായിരിക്കും. തുടർന്നും തുല്യത വന്നാൽ അടുത്ത വിഷയത്തിൽ ലഭിച്ച മാർക്ക് പരിഗണിച്ചുകൊണ്ട് ഇതേ രീതിയിൽ പരിഗണന നൽകും.

f) എൻട്രൻസ്/സ്ക്രീനിംഗ് ടെസ്റ്റ് റാങ്ക് ലിസ്റ്റ് 16/03/2026 ന് തന്നെ വകുപ്പ് വെബ്സൈറ്റായ https://det.kerala.gov.in/ ൽ പ്രസിദ്ധീകരിക്കുന്നതാണ്.

g) സെലക്ഷൻ ലിസ്റ്റ്/വെയ്റ്റിംഗ് ലിസ്റ്റ് 16/03/2026 ന് വെബ്സൈറ്റായ https://det.kerala.gov.in/ ൽ പ്രസിദ്ധീകരിക്കുന്നതാണ്.

h) പ്രൈവറ്റ് ട്രെയിനിയായി അഡ്മിഷൻ ലഭിക്കുന്ന ട്രെയിനികളുടെ പരീക്ഷ നടത്തുന്നത് DGT ആണ്. ആയതിനാൽ പരീക്ഷ നടത്തുന്ന മാസം, വർഷം എന്നിവ പൂർണ്ണമായും തീരുമാനിക്കുന്നത് DGT ആയിരിക്കും. ആയതിൽ വ്യാവസായിക പരിശീലന വകുപ്പിന് യാതൊരു ബന്ധവും ഉണ്ടായിരിക്കുന്നതല്ല.

ട്രെയിനിംഗ് ഡയറക്ടർ

ഉള്ളടക്കം : Annexure I to V, Application Form

| List of Allied Trades under Craftsman Training Scheme | | | | | |
|---|---|---|---|---|---|
| Sl No. | Trade Under CTS | Duration | NSQF Level | Allied Trade | Allied Trade Duration |
| 1 | Welder | 1 Year | 4 | Nil | Nil |
| 2 | Wireman | 2 Years | 4 | Welder | 3 weeks |
| | | | | Machinist | 2 weeks |
| | | | | Sheet Metal Worker | 2 weeks |
| | | | | Solar Technician (Electrical) | 1 week |
| | | | | Computer Hardware & Network Maintenance | 2 weeks |
| 3 | Basic Cosmetology | 1 Year | 4 | Health, Safety & Environment | 2 weeks |
| 4 | Draughtsman (Mechanical) | 2 Years | 5 | Fitter | 1 week |
| | | | | Turner | 1 week |
| | | | | Machinist | 1 weeks |
| | | | | Sheet Metal Worker | 1 week |
| | | | | Welder | 1 Week |
| | | | | Foundry Man | |
| | | | | Electrician | 1 Week |
| | | | | Mechanic Motor Vehicle | |
| 5 | Surface Ornamentation Technique(Embroidery) | 1 Year | 4 | Nil | |
| 6 | Painter (General) | 2 Years | 5 | Nil | |
| 7 | Tool & Die Maker (Press Tools, Jigs & Fixtures) | 2 Years | 5 | Machinist | 3 weeks |
| | | | | Fitter | 2 Weeks |
| | | | | Machinist(Grinder) | 7 weeks |
| | | | | Welder | 2 weeks |
| 8 | Plastic Processing Operator | 1 Year | 4 | Machinist | 1 week |
| | | | | Electrician | 1 week |
| 9 | Mechanic Machine Tools Maintenance | 2 Years | 5 | Machinist | 8 weeks |
| | | | | Fitter | 4 weeks |
| | | | | Machinist(Grinder) | 2 weeks |
| | | | | Welder | 2 Weeks |
| 10. | Early Childhood Educator (Preparatory School Management) | 1 Year | 4 | Nil | Nil |
| 11 | Fitter | 2 Yrs | 5 | Welder | 5 weeks |
| | | | | Sheet Metal Worker | 5 weeks |
| | | | | Turner | 5 weeks |
| 12 | Draughtsman(Civil) | 2 Yrs | 5 | Surveyor | 11 weeks |
| 13 | Machinist | 2 Yrs | 5 | Fitter | 10 weeks |
| | | | | Turner | 7 weeks |
| | | | | Machinist(Grinder) | 6 weeks |
| | | | | Electronics mechanic | 2 weeks |
| 14 | Carpenter | 1 Yr | 4 | Fitter | 1 week |

| | | | | | |
|---|---|---|---|---|---|
| | | | | Sheet Metal worker | 2 weeks |
| 15 | Machinist (Grinder) | 2 Yrs | 5 | Fitter | 6 weeks |
| | | | | Turner | 6 weeks |
| | | | | Machinist | 5 weeks |
| 16 | Attendant Operator (Checmical Plant) | 2 Yrs | 5 | Fitter | 9 weeks |
| | | | | Instrument Mechanic | 6 weeks |
| | | | | Pump operator cum mechanic | 4 weeks |
| 17 | Surveyor | 2 Yrs | 5 | Nil | Nil |
| 18 | Sewing Technology | 1 Yr | 4 | Nil | Nil |
| 19 | Health Sanitary Inspector | 1 Yr | 4 | Food Production | 3 weeks |
| | | | | Health and safety Environment | 31 weeks |
| 20 | Fire Safety and Industrial Management | 1 Yr | 4 | Fireman | 45 Weeks |
| 21 | Foundryman | 1 Yr | 4 | NIL | |
| 22 | Architectural Assistant | 1 Yr | 4 | Interior Design and decoration | 12 Weeks |
| 23 | Mason | 1 Yr | 4 | Carpenter | 2 Weeks |
| | | | | Civil Engineering Asst. | 4 Weeks |
| 24 | Interior design & decoration | 1 Yr | 4 | Architectural Draughtsman | 21 weeks |
| | | | | Civil Engineering Asst. | 3 weeks |
| 25 | **Electrician** | 2Year | 5 | Carpenter | 2 |
| | | | | Sheet Metal Worker | 2 |
| | | | | Electronics Mechanic | 7 |
| 26 | **Computer Operator and Programming** | 1 Year | 4 | Computer hardware and network maintenance | 2 |
| | | | | Software Testing Assistant | 11 |
| | | | | Database System Assistant | 2 |
| | | | | Computer Hardware and Network Maintenance | 3 |
| | | | | Multimedia, Animation & Special Effects | 3 |
| | | | | Information Technology | 8 |
| 27 | Dress Making | 1Year | 4 | Fashion Design & Technology | 11 |
| 28 | Stenographer & Secretarial Assistant(English) | 1Year | 4 | Secretarial Practice English | 17 |
| 29 | Electronics Mechanic | 2 Years | 5 | Fitter | 1 week |
| | | | | Sheet Metal Worker | 1 week |
| | | | | Electrician | 7 weeks |
| 30 | Mechanic Diesel | 1 Year | 4 | Fitter | 3 week |
| | | | | Sheet Metal Worker | 1 week |
| | | | | Electrician | 4 weeks |
| | | | | Electronics Mechanic | 1 week |
| | | | | Welder | 3 weeks |

| | | | | | |
|---|---|---|---|---|---|
| 31 | Turner | 2 Years | 5 | Fitter | 6 weeks |
| | | | | Machinist Grinder | 1 week |
| | | | | Machinist | 4 weeks |
| 32 | Plumber | 1 Year | 4 | Fitter | 5 weeks |
| | | | | Turner | 1 week |
| | | | | Carpenter | 2 weeks |
| | | | | Welder | 3 weeks |
| | | | | Mason (Building Constructor) | 3 weeks |
| 33 | Information and Communication Technology System | 2 Years | 5 | Electrician | 8 weeks |
| | | | | Electronics Mechanic | 12 weeks |

Annexure - II

## APPLICABILITY OF CTS TRADES FOR COE COURSES

| S. No. | Sector | Applicable CTS Trades [1] |
|---|---|---|
| 1. | Agriculture Machinery | i) Mechanic Agricultural Machinery<br>ii) Tractor Mechanic |
| 2. | Apparel | i) Sewing Technology<br>ii) Dress Making<br>iii) Fashion Design & Technology<br>iv) Computer Aided Embroidery & Designing<br>v) Surface Ornamentation Techniques (Embroidery) |
| 3. | Automobiles | i) Mechanic Motor Vehicle<br>ii) Mechanic Diesel<br>iii) Mechanic Auto Body Repair<br>iv) Mechanic Auto Body Painting<br>v) Driver Cum Mechanic (LMV) |
| 4. | Bamboo Technology | i) Bamboo works |
| 5. | Chemical | i) Attendant Operator (Chemical Plant)<br>ii) Laboratory Assistant (Chemical Plant)<br>iii) Instrument Mechanic (Chemical Plant)<br>iv) Maintenance Mechanic (Chemical Plant) |
| 6. | Construction and Wood working | i) Carpenter<br>ii) Mason (Building Constructor)<br>iii) Plumber/ Sanitary Hardware Fitter |
| 7. | Electrical | i) Electrician<br>ii) Electrician - Power Distribution<br>iii) Wireman |
| 8. | Electronics | i) Electronics Mechanic<br>ii) Mechanic Consumer Electronic Appliances<br>iii) Technician Power Electronics System |
| 9. | Fitting & Welding | i) Welder<br>ii) Welder (Fabrication & Fitting)<br>iii) Welder (Pipe)<br>iv) Welder (Structural)<br>v) Welder (Welding & Inspection)<br>vi) Welder (GMAW & GTAW) |
| 10. | Food Processing Fabrication | i) Agro Processing<br>ii) Food Beverage<br>iii) Fruit & Vegetable Processor<br>iv) Food Production (General)<br>v) Baker and Confectioner<br>vi) Dairying |

| | | |
|---|---|---|
| | | vii) Milk and Milk Product Technician<br>viii) Food and Beverages Service Assistant |
| 11. | Hospitality | i) Front Officer Assistant<br>ii) Food and Beverages Service Assistant<br>iii) Hospital Housekeeping<br>iv) Housekeeper<br>v) Human Resource Executive<br>vi) Catering & Hospitality Assistant |
| 12. | Industrial Automation | i) Technician Mechatronics |
| 13. | Information Technology | i) Computer Operator and Programming Assistant (COPA)<br>ii) Computer hardware and network maintenance (CHNM)<br>iii) Multimedia Animation & Special Effect<br>iv) Information Technology<br>v) Desktop Publishing Operator (DTPO) |
| 14. | Instrumentation | i) Instrument Mechanic<br>ii) Technician Medical Electronics<br>iii) Instrument Mechanic (Chemical Plant) |
| 15. | Leather Good & Footwear | i) Footwear Maker<br>ii) Leather Goods Maker |
| 16. | Plastic Processing | i) Plastic Processing Operator |
| 17. | Process Plant Maintenance | v) Mechanic Refrigeration & Air Conditioner<br>vi) Instrument Mechanic (Chemical Plant)<br>i) Maintenance Mechanic (Chemical Plant) |
| 18. | Production and Manufacturing | i) Turner<br>ii) Machinist<br>iii) Draughtsman (Mechanical)<br>iv) Fitter<br>v) Technician Mechatronics<br>vi) Tool & Die Maker (Press, Tools, Jigs & fixtures)<br>vii) Welder |
| 19. | Refrigeration & Air Conditioning | i) Mechanic Refrigeration & Air Conditioner<br>ii) Central Air condition Plant Mechanic |
| 20. | Textile Processing & Technology | i) Weaving Technician<br>ii) Spinning Technician |
| 21. | Tourism | i) Tourist Guide<br>ii) Travel & Tour Assistant |

[1] **Candidate can appear in any of the CTS Trades indicated against each sector after completion of COE course and experience in the relevant area.**

DGE&T-19/ 7(14)/ 2014-16-CD
Government of India
M/o Skill Development & Entrepreneurship
Directorate General of Training

Shram Shakti Bhavan
New Delhi, dated 8th February, 2016

To,

1. Secretaries/Principal Secretaries of all the State Govts / UT Administrations dealing with Vocational Training
2. Directors dealing with Vocational Training of all States/ UT Administrations

**Subject:** **Revised guidelines for candidates to appear for All India Trade Test (AITT) as a Private candidate under NCVT in semester system.**

Sir,

NCVT has made provision for private candidates to appear for All India Trade Test for award of National Trade Certificate. The eligibility conditions for appearing in the AITT under CTS in respect of private candidates are as under:

I. The applicant should have the minimum prescribed entry qualification for a particular trade under CTS in which he/she is desirous of appearing as private candidate.

II. The applicant should possess minimum of 3 years' experience in the relevant trade in establishments implementing Apprenticeship Training Scheme/ small establishments covered under Factories Act, 1948 or Registered with any government/ local authorities.

III. SCVT Certificate holder who has received institutional training in same trade with same duration of training period & entry qualification.

IV. There should be trade test by SCVT for all the candidates who are desirous of appearing in the All India trade test under the aegis of NCVT as private candidates. All those, who qualify the SCVT test, may be permitted by the State Director to appear in the AITT under NCVT.

V. Private candidates from establishments covered under the Apprentices Act, 1961 and sponsored candidates of ITIs and SCVT certificate holders (as in 3 above) may be exempted from appearing in the trade test to be conducted by the SCVT.

VI. Apprentices under the Apprentices Act, 1961 who have failed six times in the All India Trade Tests for Apprenticeship can appear as private candidates in the corresponding ITI trade only. This will be only applicable to such apprentices who have not qualified earlier for the award of National Trade Certificate by the NCVT.

With operationalization of NCVT-MIS portal and to facilitate proper data entry on portal, the existing procedure for submitting the application by private candidates has been revised. The revised procedure is as under:

a. The eligible private candidates having desired industry experience should apply to the State Director dealing with Craftsmen Training Scheme of any States irrespective of their native state, in the prescribed form,

   and

   Regular trainees of SCVT should apply to the State Director dealing with Craftsmen Training Scheme of the States where they are undergoing/ completed SCVT training

b. Private candidates need to appear for all the semesters in that particular trade.

c. SCVT trainees if desire to acquire National Trade Certificate as private candidates under NCVT then State Governments shall conduct training programme in semester system under SCVT and trainees after passing a particular semester exam in SCVT shall be allowed to appear in corresponding semester exam of AITT as private candidates under NCVT.

d. The State Directors in-charge of training will verify the authenticity of the particulars of the private candidates keeping in view the guidelines given above before permitting them to appear in the AITT. State **must have affiliated trade units in trades opted by candidates** and candidates must be attached to an ITI having affiliated trade units in trades opted by candidates.

e. The State Director (Secretary of the State Council) will submit a statement regarding the number of trainees in Engineering and non-Engineering trades ready to appear for the All India Trade Test in the prescribed proforma in triplicate to the Secretary, National Council of Vocational Training at least three months before the examinations are due to be held.

f. Number of candidates do not depend upon affiliated trades units of ITIs.

g. There is no upper age limit.

h. Trainees after successfully passing all semester's exam for a trade shall be awarded National Trade Certificate as private candidates in that trade.

Yours faithfully,

8/4/16

(Sandhya Salwan)
Director (Training)
Member secretary, NCVT
sandhya.salwan@nic.in

Copy to:-

1. Directors of ATI - Chennai / Hyderabad/ Mumbai/ Kolkata/ Kanpur/ Ludhiana, ATI(EPI) Hyderabad, & Dehradun, FTI Bangalore & Jamshedpur, NIMI Chennai, CSTARI, Kolkata.

**Annexure-IV**

## NO OBJECTION CERTIFICATE

This Department / organisation has no objection that Sri./Smt. …………………................................................ for applying ITI admission 2025 –26 as a Private Candidate in …... .............. trade. Department /Company/ Organisation has no objection to give permission for him/her to attend All India Trade Test in the concerned trade as prescribed by DGT's examination notification.

Place : Signature of Appointing authority

Date : Name of the office

(Office seal) Designation

**Annexure –V**

**EXPERIENCE CERTIFICATE**

**(To be submitted by the candidates mentioned in Para II(e) of the Notification duly filled and signed by the Employer concerned)**

Certified that Sri./Smt…………………………………………………… working this establishment as ……………………………………………………….. and drawing a total amount of Rs. …………….. (Rupees ………………………………………………. ……………………………………….Only) per month towards salary.

| Sl.No | Designation | Service details period | | Pay Drawn particulars |
|---|---|---|---|---|
| | | From | To | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |

Place: Signature
Date: (Name & Designation of Employee)
(Office Seal)

**Note to Employers:-**

1. The applications needed to be recommend and forward only if the applicant is a regular employee working on full term basis and has a continuous service of three year in relevant trade for which the employee has to appear for trade test or work in your establishment and performed duties connected with the trade applied for.
2. The bonafides of statements made will be verified with the concerned authorities before granting permission to appear for the trade test.

**Recommendation of concerned Verification Officer**

I do hereby State that the candidate is working in the establishment were Apprenticeship Training Programme is implemented. The documents and the work done report of relevant trade submitted has been verified by me. Hence **Recommended** the application for considering to present for the ensuring admission in CTS trade as a Private candidate.

Place: Verification Officer
Date: (Name & Designation of Employer)

NB: Recommendation may be made only if the employee worked in the relevant trade for the minimum 3 years.

**കേരള സർക്കാർ**

**വ്യാവസായിക പരിശീലന വകുപ്പ്**

**2026 അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിൽ പ്രൈവറ്റ് ട്രെയിനിയായി പ്രവേശനം നേടുന്നതിനുള്ള അപേക്ഷ**

(Category: Allied trade/CoE/SCVT upto 2018/Others)

Photo

1. അപേക്ഷക / അപേക്ഷകന്റെ പേര് (SSLC സർട്ടിഫിക്കറ്റിൽ ഉള്ളതുപോലെ) : ..........................

..........................................................................................................................................................

2. സ്ഥിര മേൽവിലാസം : ..........................................................................................................

ജില്ല ..........................................................................................................................

പോസ്റ്റ് ഓഫീസ് ............................................................................................

പിൻകോഡ് ...................................................................................................

3. താൽക്കാലിക മേൽ വിലാസം (ഉണ്ടെങ്കിൽ മാത്രം ) ........................................................................

4. ഔദ്യോഗിക മേൽ വിലാസം (നിലവിൽ ജോലിയിൽ തുടരുന്നവർ മാത്രം) : .................................

..........................................................................................................................................................

..........................................................................................................................................................

5. സ്വന്തം പേരിലുള്ള മൊബൈൽ നമ്പർ (നിർബന്ധം ) : ....................................................................

6. ഇ-മെയിൽ വിലാസം (നിർബന്ധം) ..................................................................................................

7. പിതാവിന്റെ പേര് :..........................................................................................

8. ജനന തീയതി / മാസം /വര്ഷം (SSLC സർട്ടിഫിക്കറ്റിൽ ഉള്ളതുപോലെ ) : ..................

9. വയസ്സ് (വിജ്ഞാപന തീയതി പ്രകാരം ) : ...................................................................,....

10. ആധാർ നമ്പർ : .................................................................................

11. അപേക്ഷിക്കുന്ന ട്രേഡ് : ...................................................................................................

12. അപേക്ഷിക്കുന്ന വിഭാഗം (വിഭാഗം I, വിഭാഗം II, വിഭാഗം III , വിഭാഗംIV) ..............................

(വിജ്ഞാപനത്തിന്റെ ആദ്യ പേജ് കാണുക )

13. സ്ക്രീനിംഗ് ടെസ്റ്റിനായുള്ള പരീക്ഷാകേന്ദ്രം ടിക് ചെയ്യുക **(ഒരു കേന്ദ്രം മാത്രം ടിക് ചെയ്യുക)**

a)ഗവ.ഐടിഐ ചാക്ക, തിരുവനന്തപുരം

b)ഗവ.ഐടിഐ കളമശ്ശേരി, എറണാകുളം

c)ഗവ.ഐടിഐ മാളിക്കടവ്, കോഴിക്കോട്

14. വിദ്യാഭ്യാസ യോഗ്യതകൾ :

| **ക്രമ നം.** | **യോഗ്യതകൾ** | **ബോർഡ്/ യൂണിവേഴ്സിറ്റിയുടെ പേര്** | **സർട്ടിഫിക്കറ്റ് ലഭിച്ച വർഷം** | **മാർക്കിന്റെ ശതമാനം** |
|---|---|---|---|---|
| | | | | |
| | | | | |

15. പ്രവൃത്തി പരിചയം :

| **ക്രമ നം.** | **സ്ഥാപനത്തിന്റെ പേര്** | **സ്ഥാപനത്തിന്റെ അംഗീകാരം സംബന്ധിച്ച വിവരം (MSME / സംസ്ഥാന സർക്കാർ/കേന്ദ്ര സർക്കാർ/ ഷോപ്പ് ആൻഡ് എസ്റ്റാബ്ലിഷ്മെന്റ് / അപ്രന്റീസ് മുതലായവ)** | **പ്രവൃത്തി ചെയ്ത കാലദൈർഘ്യം** | | **നിർവ്വഹിച്ച പ്രവൃത്തിയുടെ ലഘു വിവരണം** |
|---|---|---|---|---|---|
| | | | From | To | |
| | | | | | |
| | | | | | |
| | | | | | |

16.**ബാധകമായത് ടിക് ചെയ്യുക**

1)തൊഴിൽദാതാവിൽ നിന്നും ലഭ്യമായ പ്രായോഗിക പരിജ്ഞാന സാക്ഷ്യപത്രം അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുണ്ടോ ? ഉണ്ട് / ഇല്ല

2)തൊഴിൽദാതാവിൽ നിന്നും ലഭ്യമായ സ്വഭാവ സർട്ടിഫിക്കറ്റ് (നിർബന്ധമല്ല) അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുണ്ടോ ? ഉണ്ട് / ഇല്ല

3)തൊഴിൽദാതാവിൽ നിന്നും ലഭ്യമായ NOC അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുണ്ടോ ? ഉണ്ട് / ഇല്ല

## സാക്ഷ്യപത്രം

മുകളിൽ നൽകിയിരിക്കുന്ന വിവരങ്ങൾ പൂർണ്ണമായും ശരിയാണെന്നും എന്റെ അറിവോടും ഉത്തമ ബോധ്യത്തോടേയുമാണ് അവ ഈ അപേക്ഷയിൽ നൽകിയിട്ടുള്ളത് എന്നും ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

അപേക്ഷക / അപേക്ഷകന്റെ ഒപ്പ്

തീയതി :